(ഡി) വനവൽക്കരണത്തിന് ചെലവിടുന്ന തുക വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 57180 ഹെക്ടർ സ്ഥലത്താണ് വനവൽക്കരണം നടത്തേണ്ടത്.

(സി) 1994-95 വർഷം മുതലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വനവൽക്കരണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനുവേണ്ടി ചെലവഴിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ടി പദ്ധതി പ്രകാരം നടത്തിവരുന്ന ജോലികളുടെ പരിശോധനയും വിലയിരുത്തലും വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം നടത്തിവരുന്നുണ്ട്.

62 (1511) വനങ്ങളിൽ സ്ഫോടകവസ്തുക്കൾ ഉപയോഗിക്കുന്നതിനെതിരെ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളിൽ സ്ഫോടക വസ്തുക്കൾ ഉപയോഗിക്കുന്നതിന് അനുമതി നൽകാറുണ്ടോ;

(ബി) ഇല്ലെങ്കിൽ വനങ്ങളിൽ സ്ഫോടകവസ്തുക്കൾ ഉപയോഗിച്ച എത്ര കേസുകൾ കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) സ്ഫോടകവസ്തുക്കൾ ഉപയോഗിക്കുന്നതുമൂലം വൃക്ഷങ്ങൾക്കും പുൽമേടുകൾക്കും വന്യമൃഗങ്ങൾക്കും ഉണ്ടാകുന്ന നഷ്ടം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വനങ്ങളിൽ സ്ഫോടകവസ്തുക്കൾ ഉപയോഗിക്കുന്നതിനെ പരിപൂർണ്ണമായി നിരോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഇല്ല.

(ബി) കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ വനംവകുപ്പിൽനിന്നും കേസുകളൊന്നും റിപ്പോർട്ടു ചെയ്തിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly